LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ കുബേര

242 (2070) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോ ; പലിശക്കാർ പ്രസ്തുത പദ്ധതി അട്ടിമറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേര പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ എടുത്തിട്ടുള്ള നിയമ നടപടികളും ശിക്ഷാനടപടികളും സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' പദ്ധതി ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് അമിത പലിശ വാങ്ങി പണമിടപാട് നടത്തുകയും അതിനായി വ്യാജരേഖകൾ ചമയ്ക്കുകയും ഭീഷണി മുതലായ പ്രവൃത്തികൾ കർശനമായി നിയന്ത്രിക്കുകയും സാധാരണ ജനങ്ങൾക്ക് ന്യായമായ പലിശയ്ക്ക് ബാങ്ക്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പണം ലഭിക്കുന്നതിനുമുള്ള സാഹചര്യവും ഇപ്പോൾ നിലവിലുണ്ട്. പ്രസ്തുത പദ്ധതി അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓപ്പറേഷൻ കുബേര പദ്ധതി പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം പൂർത്തിയായ കേസുകൾ കോടതികളുടെ പരിഗണനയിലാണ്.

കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം

243 (2071) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പോലീസ് സ്റ്റേഷന് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം പാറകൾ നിറഞ്ഞതായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി പാറകൾ പൊട്ടിച്ച് ടി സ്ഥലം നിരപ്പാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.